**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2479      05.11.2019-ലെ മറുപടിയ്ക്ക്

## പൊതുവായ കളിസ്ഥലങ്ങൾ ഇല്ലാതായ സാഹചര്യം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.അബ്ദുറഹിമാൻ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | കേരളത്തിലെ വർദ്ധിച്ചുവരുന്ന അണുകുടുംബ വ്യവസ്ഥിതിയും ജനസാന്ദ്രതക്ക് അനുസൃതമായ നിർമ്മാണ പ്രവർത്തനങ്ങളും കാരണം കുട്ടികൾക്ക് ഉൾപ്പെടെ പൊതുവായ കളിസ്ഥലങ്ങൾ ഇല്ലാതായിയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ഉണ്ട്. അനാരോഗ്യമുള്ള തലമുറ സൃഷ്ടിക്കപ്പെടാതിരിക്കാൻ കായിക വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ<br>**<u>സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ</u>**<br>ജീവിതശൈലി രോഗങ്ങളിൽ നിന്നും മുക്തി നേടി ആരോഗ്യകരമായ ഒരു ജീവിതം നയിക്കുന്നതിന് ജനങ്ങൾക്ക് സൗകര്യം ഒരുക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ. സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ, യുവജനങ്ങൾ, മുതിർന്ന പൗരന്മാർ തുടങ്ങിയ എല്ലാ ജനവിഭാഗങ്ങൾക്കും പ്രയോജനപ്പെടുന്ന രീതിയിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. സ്പോർട്സ് ആന്റ് ഹെൽത്ത് പാർക്കുകളിലൂടെ ജനങ്ങളിൽ കായിക അവബോധം സൃഷ്ടിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ കായിക-ആരോഗ്യ സംബന്ധമായ ഉപകരണങ്ങൾ സ്ഥാപിച്ചാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.<br>**<u>കേരള കായികക്ഷമതാ മിഷൻ</u>**<br>കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിനു വേണ്ടി കേരള സാക്ഷരത മിഷൻ ആരംഭിച്ചതു പോലെ അതേ മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും |
| (ബി) | ഇപ്രകാരമുള്ള സാഹര്യത്തിൽ അനാരോഗ്യമുള്ള തലമുറ സൃഷ്ടിക്കപ്പെടാതിരിക്കാൻ കായിക വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | | |

| | | | |
|---|---|---|---|
| | | | കൈവരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "കേരള കായികക്ഷമതാ മിഷൻ" പദ്ധതി.<br>പ്രസ്തുത പദ്ധതി സ്കൂൾ, കോളേജുകൾ, സർവ്വകലാശാലകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതു സംബന്ധിച്ച് അന്തിമ ഘട്ട പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br>**<u>ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)</u>**<br>നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തെ 20 സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 8 സ്കൂളുകളിൽ പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുണ്ട്.<br>**<u>പ്ലേ ഫോർ ഹെൽത്ത്</u>**<br>കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്.<br>**<u>സ്പ്ലാഷ് & എയ്സ്</u>**<br>സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്ന സ്പ്ലാഷ് പദ്ധതി, ടെന്നീസ് കളിയിൽ തൽപ്പരരായ 4 മുതൽ 9 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് വിദഗ്ധ പരിശീലനം നൽകുന്ന ഗ്രാസ്റൂട്ട് ലെവൽ ടെന്നീസ് പരിശീലന പരിപാടി (ACE) എന്നീ പദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കി വരുന്നു.<br>**<u>കളിത്തട്ട്</u>**<br>കേരളത്തിന്റെ തനത് കായിക വിനോദങ്ങൾ നിലനിർത്തുന്നതിനും പുതിയ തലമുറയ്ക്ക് കൈമാറി അത് കൂടുതൽ |

| | | | |
|---|---|---|---|
| | | | പ്രചരിപ്പിക്കുന്നതിനും വേണ്ടി കായിക യുവജനകാര്യാലയവും യുവജനക്ഷേമ ബോർഡും സഹകരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് കളിത്തട്ട്. ബ്ലോക്ക്/ജില്ലാ/സംസ്ഥാനതല മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും എല്ലാ ജില്ലാകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുമായി 1.42 കോടി രൂപ 2018-19 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. |
| (സി) | ഗ്രാമങ്ങളിലും നാട്ടിൻപുറങ്ങളിലും കൂടുതൽ പൊതു കളിസ്ഥലങ്ങൾ ഉണ്ടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം എന്ന പദ്ധതിയുടെ ഭാഗമായി 43 പഞ്ചായത്ത് സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന്/ നവീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾക്കായുള്ള നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്. വിശദാംശങ്ങൾ **അനുബന്ധമായി** ചേർത്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| നം | പദ്ധതിയുടെ പേര് | ഭരണാനുമതി തുക (കോടിയിൽ) | കിഫ്ബി അംഗീകരിച്ച തുക (കോടിയിൽ) | പ്രവൃത്തികളുടെ നിലവിലെ സ്ഥിതി (22.10.2019 വരെ) |
|---|---|---|---|---|
| **പഞ്ചായത്ത് കളി സ്ഥലം - ബഡ്ജറ്റ് 2016-17** | | | | |
| 1 | നീലേശ്വരം ഇ.എം.എസ് സ്റ്റേഡിയം | 20.76 | 17.04 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 70% പൂർത്തീകരിച്ചിട്ടുണ്ട്. |
| 2 | വയനാട് ജില്ലാ സ്റ്റേഡിയം (ജിനചന്ദ്ര സ്റ്റേഡിയം) | 18.73 | 18.67 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 70% പൂർത്തീകരിച്ചിട്ടുണ്ട്. |
| 3 | എടപ്പാൾ ഗവ.എച്ച്.എസ്.എസ്.മലപ്പുറം | 15.69 | 6.82 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 70% പൂർത്തീകരിച്ചിട്ടുണ്ട്. |
| 4 | തിരുമിറ്റക്കോട് ചാത്തന്നൂർ എച്ച്.എസ്.എസ് | | 8.87 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 80% പൂർത്തീകരിച്ചിട്ടുണ്ട്. |
| 5 | കൊടുമൺ സ്റ്റേഡിയം | 15.86 | 14.10 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 75% പൂർത്തീകരിച്ചിട്ടുണ്ട്. |
| 6 | ധർമ്മടം അബു ചാത്തുക്കുട്ടി സ്റ്റേഡിയം | 5 | 5.49 | സിവിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. |
| 7 | തളിപ്പറമ്പ് മുനിസിപ്പൽ സ്റ്റേഡിയം | 5 | 5.34 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 75% പൂർത്തീകരിച്ചിട്ടുണ്ട്. |
| 8 | നിലമ്പൂർ മിനി സ്റ്റേഡിയം | 17.26 | 18.30 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 20% പൂർത്തീകരിച്ചിട്ടുണ്ട്. |
| 9 | പ്രീതികുളങ്ങര സ്കൂൾ സ്റ്റേഡിയം | രണ്ട് പദ്ധതികൾക്കായി 14.17 | 5.75 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 60% പൂർത്തീകരിച്ചിട്ടുണ്ട്. |
| 10 | തലശ്ശേരി വി.ആർ കൃഷ്ണയ്യർ സ്റ്റേഡിയം | 13.20 | 13.05 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 55% പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 11 | ചാലക്കുടി മുനിസിപ്പൽ സ്റ്റേഡിയം | 5 | 9.58 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 19% പൂർത്തീകരിച്ചിട്ടുണ്ട്. |
| 12 | ചിറ്റൂർ ഗവ.കോളേജ് സ്പോർട്സ് കോംപ്ലക്സ് | 14.35 | 5.54 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 16% പൂർത്തീകരിച്ചിട്ടുണ്ട്. |
| 13 | ഐയ്യനം പഞ്ചായത്ത് സ്റ്റേഡിയം | 11.54 രണ്ട് പദ്ധതികൾക്കായി | 4.97 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 15% പൂർത്തീകരിച്ചിട്ടുണ്ട്. |
| 14 | മട്ടന്നൂർ സ്റ്റേഡിയം | 5 | 4.12 | സിവിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട് |
| 15 | നെടുങ്കണ്ടം സ്റ്റേഡിയം | 5 | 9.40 | സിവിൽ നിർമ്മാണ പ്രാഥമിക പ്രവൃത്തികൾ നടന്നു വരുന്നു |
| 16 | നടുവണ്ണൂർ വോളീബോൾ അക്കാദമി | 10.63 | 9.262 | സിവിൽ നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്നു |
| 17 | താനൂർ സ്റ്റേഡിയം | 19.14 | 10.07 | പദ്ധതി പ്രദേശത്തുള്ള മരങ്ങൾ മുറിച്ച് മാറ്റേണ്ടതുണ്ട്. പ്രസ്തുത പ്രവൃത്തികൾക്കുള്ള അപേക്ഷ നൽകിയിട്ടുണ്ട്. |
| 18 | പുല്ലൂരാംപാറ തിരുവമ്പാടി | ഭരണാനുമതി നൽകിയിട്ടുണ്ട് | 6.113 | പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന സേക്രട്ട് ഹാർട്ട് ഹയർ സെക്കന്ററി സ്കൂൾ പ്രളയ ബാധിത പ്രദേശത്തായതിനാൽ മുക്കം നഗരസഭയിലെ മാമ്പറ്റ മുനിസിപ്പൽ സ്റ്റേഡിയത്തിലേക്ക് പദ്ധതി മാറ്റി സ്ഥാപിക്കുന്നത് പരിഗണനയിലാണ്. |
| 19 | ജി.വി.രാജ സെന്റർ ഫോർ എക്സലൻസ് | 30 | 56.19 | ടെണ്ടർ നടപടികൾ പൂർത്തിയാക്കി സാങ്കേതിക പരിശോധന നടന്നു |

| | | | | |
|---|---|---|---|---|
| | | | | വരുന്നു. |
| 20 | പള്ളിപ്പുറം എഞ്ചിനീയറിംഗ് കോളേജ് ഗ്രൗണ്ട് അത്ലർ | 16.83 | 7.67 | പുതുക്കിയ സാങ്കേതികാനുമതി ലഭ്യമാക്കേണ്ടതുണ്ട് |
| 21 | പടിയൂർ ഇൻഡോർ സ്റ്റേഡിയം | ഭരണാനുമതി നൽകിയിട്ടുണ്ട് | 4.932 | പുതുക്കിയ സാങ്കേതികാനുമതി ലഭ്യമാക്കേണ്ടതുണ്ട് |
| 22 | മൾട്ടിപ്പിൾ-ഇൻഡോർ സ്റ്റേഡിയം, പട്ടാമ്പി കോളേജ് | 10 | 8.34 | സാങ്കേതിക -അനുമതി ലഭിക്കേണ്ടതുണ്ട്. |
| 23 | പൊന്നാനി നിളാതീരം അക്വാട്ടിക് സ്പോർട്സ് കോംപ്ലക്സ് | 12.77 | - | തീരദേശ റെഗുലേറ്ററി അതോറിറ്റിയുടെ അനുമതി തത്വത്തിൽ ലഭിച്ചിട്ടുണ്ട്. ഔദ്യോഗിക അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ അവസാന ഘട്ടത്തിലാണ്. |
| 24 | അമ്പലപ്പുഴ ഗവൺമെന്റ് കോളേജ് ഗ്രൗണ്ട് | ഭരണാനുമതി നൽകിയിട്ടുണ്ട് | - | വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| 25 | കോതമംഗലം ചേലാട് സ്റ്റേഡിയം | ഭരണാനുമതി നൽകിയിട്ടുണ്ട് | - | വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| 26 | പാലക്കാട് ഇൻഡോർ സ്റ്റേഡിയം | 5 | - | പദ്ധതിയ്ക്കായുള്ള റിപ്പോർട്ട് തയ്യാറാക്കി വരുകയാണ് |
| 27 | ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം | 11.54 രണ്ട് പദ്ധതികൾക്കായി | - | പദ്ധതിക്കായുള്ള പുതുക്കിയ ഡി.പി.ആർ തയ്യാറാക്കി വരുകയാണ് |
| 28 | ആലപ്പുഴ റോവിംഗ് ട്രാക്ക് | 10 | - | സ്ഥലം ഏറ്റെടുക്കുന്നതിനായി ആലപ്പുഴ ജില്ലാ കളക്ടർക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| 29 | അടൂർ മുനിസിപ്പൽ സ്റ്റേഡിയം | 13.32 | 9.69 | മുനിസിപ്പാലിറ്റിയുടെ സ്ഥലം ഏറ്റെടുത്ത് നൽകാൻ കഴിയാത്തതിനാൽ |

| | | | | |
|---|---|---|---|---|
| | | | | പദ്ധതി നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു. |
| 30 | എളങ്കുന്നപ്പുഴ സാന്താക്രൂസ് ഗ്രൗണ്ട് | 5 | - | പഞ്ചായത്ത് നാളിതുവരെ ധാരണാ പത്രത്തിൽ ഒപ്പ് വച്ചിട്ടില്ല. സ്ഥലത്തിന്റെ കൈവശാവകാശത്തെ ക്കുറിച്ചുള്ള തർക്കം നിലനിൽക്കുന്നു. |
| 31 | കൊറ്റൻകര മിനി സ്റ്റേഡിയം | - | - | പദ്ധതിക്കനുയോജ്യമായ സ്ഥലം ലഭ്യമായില്ല. |
| 32 | കണ്ണൂർ ജവഹർ സ്റ്റേഡിയം | 11.10 | 10.64 | കായിക വകുപ്പുമായി ധാരണാപത്രത്തിൽ ഏർപ്പെടുന്നതിന് കോർപ്പറേഷൻ തയ്യാറാകാത്തതിനാൽ പദ്ധതിക്ക് വകയിരുത്തിയ തുക ഉപയോഗിച്ച് മയ്യിൽ, ചെറുക്കുന്ന് എന്നീ സ്ഥലങ്ങളിൽ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നത് പരിഗണനയിലാണ് |
| 33 | ആലപ്പുഴ ഇ.എം.എസ് സ്റ്റേഡിയം രണ്ടാംഘട്ടം | 14.17 രണ്ട് പദ്ധതികൾക്കായി | 8.62 | കായിക വകുപ്പുമായി ധാരണാപത്രത്തിൽ ഏർപ്പെടുന്നതിന് കോർപ്പറേഷൻ തയ്യാറാകാത്തതിനാൽ പദ്ധതിക്ക് വകയിരുത്തിയ തുക ഉപയോഗിച്ച് പറവൂരിൽ സ്റ്റേഡിയം നിർമ്മിക്കുന്നത് പരിഗണനയിലാണ്. |
| | **<u>പഞ്ചായത്ത് കളിസ്ഥലം - ബഡ്ജറ്റ് 2017-18</u>** | | | |
| 1 | പറളി സ്കൂൾ, പാലക്കാട് | 10 | 6.937 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 15% പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 2 | പുനലൂർ മുനിസിപ്പൽ സ്റ്റേഡിയം | 10 | 5.634 | സിവിൽ നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്നു. |
| 3 | മേപ്പയ്യൂർ സ്കൂൾ, കോഴിക്കോട് | 10 | 6.446 | സിവിൽ നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്നു. |
| 4 | തിരൂർ ഫുട്ബോൾ സ്റ്റേഡിയം, മലപ്പുറം | 10 | 7.05 | നഗരസഭ കായിക വകുപ്പുമായി ധാരണാപത്രത്തിൽ ഏർപ്പെടാത്ത സാഹചര്യത്തിൽ മറ്റൊരു സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നത് പരിഗണനയിലാണ് |
| 5 | വടകര ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട് | 10 | 16.29 | പദ്ധതി റീടെണ്ടർ ക്ഷണിച്ചിട്ടുണ്ട് |
| 6 | ശ്രീനാരായണ നഗരം ഇൻഡോർ സ്റ്റേഡിയം | 10 | | |
| 7 | പയ്യന്നൂർ ഫുട്ബോൾ സ്റ്റേഡിയം, കണ്ണൂർ | 10 | 13.10 | പദ്ധതി റീടെണ്ടർ ക്ഷണിച്ചിട്ടുണ്ട് |
| 8 | പയ്യന്നൂർ മുനിസിപ്പൽ സ്റ്റേഡിയം | 10 | | |
| 9 | ഫറൂഖ് ഗണപതി സ്കൂൾ, കോഴിക്കോട് | 10 | 6.71 | സാങ്കേതിക അനുമതി ലഭിക്കേണ്ടതുണ്ട് |
| 10 | തൃശ്ശൂർ അക്വാട്ടിക് കോംപ്ലക്സ് | 5 | - | തൃശ്ശൂർ അക്വാട്ടിക് കോംപ്ലക്സ് നവീകരിക്കുന്നതിനായി 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

3.0